# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5509 — 28-07-2015-ന് മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | | **ഡോ. എം.കെ. മുനീർ**<br>**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി** | |
| എ) | കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; | എ) | അസിസ്റ്റന്റ് എഞ്ചിനീയർ : 15 ഒഴിവുകൾ<br>ഒന്നാം തരം ഓവർസീയർ : 21 ഒഴിവുകൾ<br>രണ്ടാം തരം ഓവർസീയർ : 11 ഒഴിവുകൾ<br>മൂന്നാം തരം ഓവർസീയർ : 2 ഒഴിവുകൾ |
| ബി) | താൽക്കാലികമായി നിയമനം നേടുന്നവർ പിന്നോക്ക ജില്ലയായ കാസർഗോഡ് വന്ന് ജോലി ചെയ്യാൻ വൈമനസ്യം കാണിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ താത്ക്കാലിക നിയമനം നേടിയ 8 പേരിൽ 4 പേർ മാത്രമേ ടി ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. |
| സി) | കാസർഗോഡിന്റെ പ്രത്യേക പരിഗണന വെച്ച് കലക്ടർ ചെയർമാൻ ആയുള്ള ഒരു കമ്മറ്റിക്ക പ്രസ്തുത തസ്തികകൾ ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ ക്കൊണ്ട് നികത്തുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | സി) | തദ്ദേശ സ്വയം ഭരണ എഞ്ചിനീയർ വിംഗിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറാണ്. ഓവർസീയർമാരുടെ താൽക്കാലിക നിയമനം നടത്തുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥരെ കരാറടിസ്ഥാനത്തിൽ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിയമിക്കുന്നതിനും അവരുടെ വേതനം പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ നൽകുന്നതിനും 19-11-2012-ലെ സ.ഉ. (സാധാ) 3181/2012/തസ്വഭവ. നം. സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഇത്തരത്തിൽ ചീഫ് എഞ്ചിനീയർക്കോ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്കോ, അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കോ ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം തീരുമാനിക്കാമെന്നിരിക്കെ കലക്ടർ ചെയർമാനായുള്ള ഒരു കമ്മറ്റിക്ക് പ്രസ്തുത തസ്തികകൾ നികത്തുന്നതിന് അനുമതി നൽകേണ്ടതിന്റെ ആവശ്യകത ഇല്ല. |

സെക്ഷൻ ഓഫീസർ